بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# Khuthba Khulasa 05.04.2019 ഖുത്ബ സംഗ്രഹം

### സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

05.04.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

## നബി(സ)തിരുമേനിയുടെ മഹനീയസ്ഥാനികളായ ബദരീ സഹാബാക്കളുടെ വിശ്വാസം തുളുമ്പുന്ന സംഭവങ്ങളുടെ ഹൃദ്യവും മനോഹരവുമായ വിവരണം

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۝ اَلرَّحْمٰنِ الرَّحِيْمِ۝ مٰلِكِ يَوْمِ الدِّيْنِ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ۝ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۝

ഇന്ന് വിവരിക്കുന്ന സഹാബാക്കളിൽ ആദ്യത്തെ പേര് ഹദ്റത്ത് ഖറാശ് ബിൻ സംത അൻസാരി എന്നാണ്. അദ്ദേഹത്തിന്റെ ബന്ധം ഖസ്റജിന്റെ ശാഖയായ ബനൂ ജശമുമായാണ്. അദ്ദേഹം ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹദ് ദിവസം അദ്ദേഹത്തിന് പത്ത് മുറിവുകൾ ഏല്ക്കേണ്ടതായി വന്നു. അദ്ദേഹം നബി(സ)യുടെ പ്രഗൽഭരായ അമ്പെഴുത്തുകാരിൽ ഉൾപ്പെട്ടിരുന്നു. ബദർ യുദ്ധത്തിൽ ഹദ്റത്ത് ഖറാശ്, നബി(സ)യുടെ മരുമകനായ അൽ ആസിനെ യുദ്ധത്തടവുകാരനാക്കിയിരുന്നു.

രണ്ടാമത്തെ സഹാബി ഹദ്റത്ത് ഉബയ്ദ് ബിൻ തയ്ഹാൻ ആണ്. ഹദ്റത്ത് ഉബയ്ദ് ബയ്അത്തെ അഖബയിൽ പങ്കെടുത്ത 70 അൻസാറുകളിൽ ഉൾപ്പെടുന്നു. റസൂലുല്ലാഹ് (സ) അദ്ദേഹത്തിനും ഹദ്റത്ത് മസ്ഊദ് ബിൻ റബീയിനും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. അദ്ദേഹം തന്റെ സഹോദരൻ ഹദ്റത്ത് അബുൽ ഹയ്സമിനോടൊപ്പം ബദർ യുദ്ധത്തിൽ പങ്കെടുത്തു. ഉഹദ് യുദ്ധത്തിൽ അദ്ദേഹം ശഹാദത്ത് കരസ്ഥമാക്കി.

ഇനി വിവരിക്കുന്ന സഹാബിയുടെ പേര് അബൂ ഹന മാലിക്ക് ബിൻ അംറ് എന്നാണ്. അബൂ ഹന എന്നത് അദ്ദേഹത്തിന്റെ വിളിപ്പേരായിരുന്നു. മാലിക്ക് ബിൻ അംറ് എന്നാണ് അദ്ദേഹത്തിന്റെ പേര്. മുഹമ്മദ് ബിൻ ഉമർ വാഖ്ദി ബദറിൽ പങ്കെടുത്തവരിൽ അദ്ദേഹത്തെയും ഉൾപ്പെടുത്തിയിരിക്കുന്നു.

അടുത്തതായി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ് ബിൻ സഅലബ എന്നാണ്. അദ്ദേഹത്തിന്റെ വിളിപ്പേര് അബൂ മുഹമ്മദ് എന്നായിരുന്നു. പിതാവിന്റെ പേര് ഹദ്റത്ത് സയ്ദ് ബിൻ സഅലബ എന്നാണ്. പിതാവും സഹാബിയായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം അൻസാറുകളുടെ ഗോത്രമായ ഖസ്റജിന്റെ ശാഖ ബനൂ ജശമുമായാണ്. അദ്ദേഹം ബയ്അത്തെ അഖബയിൽ പങ്കെടുത്ത 70 അൻസാറുകളിൽ ഉൾപ്പെടുന്നു. ബദർ, ഉഹദ്, ഖന്ദഖ് പോലുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)യോടൊപ്പം പങ്കെടുത്തു. മക്കാവിജയത്തിന്റെ സമയത്ത് ബനൂ ഹാരിഥ് ബിൻ ഖസ്റജിന്റെ പതാക അദ്ദേഹത്തിന്റെ പക്കലായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിന് ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് തന്നെ അറബി എഴുതാൻ അറിയുമായിരുന്നു. സ്വപ്നത്തിൽ ബാങ്കിന്റെ വചനങ്ങൾ കാണിക്കപ്പെട്ട സഹാബിയായിരുന്നു ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ്. അദ്ദേഹം നബി(സ)യോട് അതിനെ കുറിച്ച് പറഞ്ഞു. നബി(സ) ഹദ്റത്ത് അബ്ദുല്ലാഹ് സ്വപ്നത്തിൽ കണ്ട ആ വചനങ്ങളിൽ ബാങ്ക് നല്കുവാൻ ഹദ്റത്ത് ബിലാലിന് കല്പന നല്കി. മസ്ജിദ് നബവിയുടെ നിർമാണത്തിന് ശേഷം, ഹിജ്റ ഒന്നിലേതാണ് ഈ സംഭവം. അതിന്റെ ചുരുക്കം ഇപ്രകാരമാണ്: ഹദ്റത്ത് ഉമയ്ർ ബിൻ അനസ് അദ്ദേഹത്തിന്റെ പിതൃവ്യരിൽ നിന്ന് നിവേദനം ചെയ്യുന്നു, അദ്ദേഹം പറയുന്നു: നമസ്കാരത്തിനായി ആളുകളെ എങ്ങനെ ഒരുമിച്ച് കൂട്ടാൻ സാധിക്കുമെന്ന് നബി(സ) ചിന്തിച്ചു. നമസ്ക്കാര സമയത്ത് ഒരു കൊടി ഉയർത്താമെന്ന് പറയപ്പെട്ടു. അങ്ങനെ ആളുകൾ അത് കണ്ട് മറ്റുള്ളവർക്കും അറിയിപ്പ് നല്കുന്നതാണ്. എന്നാൽ നബി(സ) ആ നിർദ്ദേശത്തെ ഇഷ്ടപ്പെട്ടില്ല. നിവേദകൻ പറയുന്നു: പിന്നെ അങ്ങയോട് കാഹളത്തെ കുറിച്ച് പറയപ്പെട്ടു. അദ്ദേഹം അതും ഇഷ്ടപ്പെട്ടില്ല. പറഞ്ഞു: അത് ജൂതൻമാരുടെ രീതിയാണ്. നിവേദകൻ പറയുന്നു: പിന്നെ അങ്ങയോട് നാഖൂസ് (മണി) മുഴക്കുന്നതിനെ കുറിച്ച് പറയപ്പെട്ടു. അവിടുന്ന് പറഞ്ഞു: അത് ക്രൈസ്തവരുടെ രീതിയാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദും നബി(സ)യുടെ ഈ ആലോചനയെ കുറിച്ച് ചിന്തിച്ചിരുന്നു. അദ്ദേഹം തന്റെ വീട്ടിൽ ചെന്ന് ദുആ ചെയ്തു. പറയുന്നു: അദ്ദേഹത്തിന് സ്വപ്നത്തിൽ ബാങ്ക് വിളി കാണിക്കപ്പെട്ടു. അദ്ദേഹം സ്വയം പറയുന്നു: ഞാൻ സ്വപ്നത്തിൽ ഒരു വ്യക്തിയെ കണ്ടു. അയാളുടെ കൈവശം ഒരു നാഖൂസ് ഉണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു: അല്ലയോ ദൈവദാസാ! ഈ നാഖൂസ് നീ വിൽക്കുന്നുണ്ടോ? അദ്ദേഹം പറഞ്ഞു: നീ ഇത് കൊണ്ട് എന്താണ് ചെയ്യുക? ഞാൻ പറഞ്ഞു: ഞങ്ങൾ ഇതുപയോഗിച്ച് നമസ്കാരത്തിനായി ആളുകളെ വിളിക്കുന്നതാണ്. അദ്ദേഹം പറഞ്ഞു; ഞാൻ നിനക്ക് ഇതിലും ഉത്തമമായ കാര്യം പറഞ്ഞ് തരട്ടെ? ഞാൻ പറഞ്ഞു: തീർച്ചയായും. ഹദ്റത്ത് അബ്ദുല്ലാഹ് പറയുന്നു: പിന്നെ അദ്ദേ

ഹം ബാങ്കിന്റെ വചനങ്ങൾ ഉരിയാടാൻ തുടങ്ങി

اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ ☆ اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ ☆

اَشْهَدُ اَن لَّااِلٰهَ اِلَّا اللّٰهُ ☆ اَشْهَدُ اَن لَّااِلٰهَ اِلَّا اللّٰهُ ☆

اَشْهَدُ اَنَّ مُحَمَّدًارَّسُوْلُ اللّٰه ☆ اَشْهَدُ اَنَّ مُحَمَّدًارَّسُوْلُ اللّٰه ☆

حَيَّ عَلَى الصَّلٰوة ☆ حَيَّ عَلَى الصَّلٰوة ☆

حَيَّ عَلَى الْفَلَاحُ ☆ حَيَّ عَلَى الْفَلَاحُ ☆

اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ ☆ لَااِلٰهَ اِلَّا اللّٰهُ ☆

ഹുസൂർ തിരുമനസ്സ് പറയുന്നു: അതിന്റെ അർഥവും പറയാം. അല്ലാഹു ഏറ്റവും വലിയവനാകുന്നു. ഇത് നാല് പ്രാവശ്യം പറയണം. അല്ലാഹുവല്ലാതെ മറ്റാരും ആരാധനയ്ക്കർഹരല്ലയെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നുവെന്ന് രണ്ട് തവണ പറയണം. പിന്നീട് മുഹമ്മദ് റസൂലുല്ലാഹ്(സ) അല്ലാഹുവിന്റെ ദൂതനാണ്. ഇതും രണ്ട് തവണ പറയണം. പിന്നെ حَيَّ عَلَى الصَّلٰوة നമസ്കാരത്തിലേയ്ക്ക് വരിക, നമസ്കാരത്തിലേക്ക് വരിക? حَيَّ عَلَى الصَّلٰوة വിജയത്തിലേക്ക് വരിക, വിജയത്തിലേക്ക് വരിക. പിന്നെ അല്ലാഹു ഏറ്റവും വലിയനാകുന്നുവെന്ന് രണ്ട് പ്രാവശ്യം പറയണം. പിന്നെ لَااِلٰهَ اِلَّا اللّٰهُ അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹർ മറ്റാരുമില്ല എന്ന് പറയണം.

പിന്നീട് പറയുന്നു: ഈ വചനങ്ങൾ പറഞ്ഞതിന് ശേഷം ആ വ്യക്തി എന്നിൽ നിന്ന് അല്പം പിന്നിലേക്ക് മാറി. എന്നിട്ട് പറഞ്ഞു: ഇനി നിങ്ങൾ നമസ്കാരം നിർവഹിക്കുന്നതിനായി നില്ക്കുമ്പോൾ ഇങ്ങനെയും പറയുക, പിന്നെ ഇഖാമത്തിന്റെ വചനങ്ങൾ ചൊല്ലി.

اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ ☆ اَشْهَدُ اَن لَّااِلٰهَ اِلَّا اللّٰهُ ☆

اَشْهَدُ اَنَّ مُحَمَّدًارَّسُوْلُ اللّٰه ☆ حَيَّ عَلَى الصَّلٰوة ☆

حَيَّ عَلَى الْفَلَا حُ ☆ قَدْ قَامَةِ الصّلٰوة ☆

قَدْ قَامَةِ الصّلٰوة ☆ اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ ☆ لَااِلٰهَ اِلَّا اللّٰهُ ☆

പറയുന്നു: പകൽ ആയപ്പോൾ ഞാൻ നബി(സ) സമീപം ഹാജറായി. ഞാൻ കണ്ടതെല്ലാം വിവരിച്ചു. നബി(സ) പറഞ്ഞു: തീർച്ചയായും അല്ലാഹു ഉദ്ദേശിക്കുന്നതായാൽ ഇത് സത്യസ്വപ്നമാകുന്നതാണ്. നീ ബിലാലിനോടൊപ്പം നില്ക്കുക. നീ കണ്ടത് പറഞ്ഞ് കൊണ്ടിരിക്കുക. അദ്ദേഹം ഈ വചനങ്ങളിൽ ബാങ്ക് നല്കട്ടെ. അങ്ങനെ ഞാൻ ബിലാലിനോടൊപ്പം നിന്നു. ഞാൻ പറഞ്ഞ് കൊണ്ടിരുന്നു. അദ്ദേഹം അതനുസരിച്ച് ബാങ്ക് നല്കികൊണ്ടിരുന്നു. നിവേദകൻ പറയുന്നു: തന്റെ വീട്ടിൽ നില്കുമ്പോഴാണ് ഹദ്റത്ത് ഉമർ ബിൻ ഖതാബ്(റ) ഈ ബാങ്ക് കേൾക്കുന്നത്. അദ്ദേഹം തന്റെ പുതപ്പ് വലിച്ചിഴച്ച് പുറത്ത് വന്നു. പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അങ്ങയെ സത്യത്തോട് കൂടി അയച്ച അസ്തിത്വത്തെ കൊണ്ട് സത്യം, അദ്ദേഹം കണ്ടത് ഞാനും കണ്ടിരുന്നു. ഇത് കേട്ട് നബി(സ) പറഞ്ഞു: സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു. മറ്റൊരു നിവേദനത്തിൽ വരുന്നു, നബി(സ) ബാങ്കിന്റെ വചനങ്ങൾ കേട്ടപ്പോൾ പറഞ്ഞു: ഇതിനെ സംബന്ധിച്ച് വെളിപാടും ലഭിച്ചിരിക്കുന്നു.

ബാങ്കിന്റെ സ്വപ്നദർശനം ഉണ്ടായ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ്, തന്റെ ധനം മുഴുവൻ സദഖയായി നല്കി. അതിൽ അദ്ദേഹത്തിന്റെ പിതാവ് റസൂലുല്ലാഹ്(സ) യുടെ സമക്ഷം വന്ന് കൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അബ്ദുല്ലാഹ് ബിൻ സയ്ദ് തന്റെ ധനം സദഖയായി നല്കി. അവന് ജീവിതമാർഗം ലഭിച്ചിരുന്നത് അതിൽ നിന്നായിരുന്നു. അപ്പോൾ നബി(സ) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിനെ വിളിപ്പിച്ചു. പറഞ്ഞു: തീർച്ചയായും അല്ലാഹു നിന്നിൽ നിന്ന് നിന്റെ സദഖ സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ട് ഇതിനെ അനന്തരാവകാശം എന്ന നിലയിൽ നിന്റെ മാതാപിതാക്കൾക്ക് തിരിച്ച് നല്കുക.

ഒരവസരത്തിൽ റസൂലുല്ലാഹ്(സ) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിന് തന്റെ നഖം തബർറുക് (ഐശ്വര്യം) എന്ന നിലയിൽ നല്കുകയുണ്ടായി. അതിന്റെ വിശദീകരണം ഇപ്രകാരമാണ്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിന്റെ മകൻ മുഹമ്മദ് വിവരിക്കുന്നു: അദ്ദേഹത്തിന്റെ പിതാവ് നബി(സ)യോടൊപ്പം ഹജ്ജത്തുൽ വിദായുടെ സന്ദർഭത്തിൽ മിനയുടെ മൈതാനത്തെ മൻഹർ അഥവാ അറവുശാലയിൽ ബലി അറുക്കുന്ന സമയം ഹാജറായിരുന്നു. അദ്ദേഹത്തിനോടൊപ്പം അൻസാറുകളിൽപ്പെട്ട ഒരാൾ കൂടിയുണ്ടായിരുന്നു. നബി(സ) മാംസം വിതരണം ചെയ്തു. എന്നാൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിനും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന അൻസാർ സഹോദരനും ഒന്നും ലഭിച്ചില്ല. പിന്നെ നബി(സ) തന്റെ തലമുടി ഒരു തുണിയിൽ വടിച്ചിട്ടു. അത് ആളുകളിൽ വിതരണം ചെയ്തു. പിന്നെ അവിടുന്ന് തന്റെ നഖം മുറിച്ചു. അത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിനും അദ്ദേഹത്തിന്റെ അൻസാരിയായ സുഹൃത്തിനും നല്കുകയുണ്ടായി.

അല്ലാമ സർഖാനി എഴുതുന്നു; ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ് തന്റെ തോട്ടത്തിൽ ജോലി ചെയ്ത് കൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ മകൻ അദ്ദേഹത്തിന്റെ അടുത്ത് വന്ന് നബി(സ) വഫാത്തായി എന്ന വിവരം അറിയിച്ചു. അതിൽ അദ്ദേഹം പറഞ്ഞു:

اَللّٰهُمَّ اَذْهَبْ بَصْرِيْ حَتّٰى لَا اَرَى بَعْدَ حَبِيْبِيْ مُحَمَّدً اَحَدًا۔

അല്ലാഹുവേ! എന്റെ പ്രിയങ്കരനായ മുഹമ്മദ്(സ)ന് ശേഷം ആരെയും കാണാതിരിക്കുന്നതിനായി നീ എന്റെ കാഴ്ച എടുത്ത് കളഞ്ഞാലും. പറയുന്നു: അതിന് ശേഷം അദ്ദേഹത്തിന്റെ കാഴ്ച നഷ്ടപ്പെട്ട് കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം അന്ധനായി. ഹദ്റത്ത് അബ്ദുല്ലാഹ് എല്ലാ യു

ദ്ധങ്ങളിലും നബി(സ)യോടൊപ്പം പങ്കെടുത്തു. അദ്ദേഹം ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലഘട്ടത്തിന്റെ അവസാന സമയം ഹിജ്റി 32 ന് മദീനയിൽ വഫാത്തായി. അപ്പോൾ അദ്ദേഹത്തിന്റെ വയസ്സ് 64 ആയിരുന്നു. അദ്ദേഹത്തിന്റെ ജനാസ നമസ്കാരം ഹദ്റത്ത് ഉസ്മാൻ നിർവഹിച്ചു.

ഇനി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് മആദ് ബിൻ അംറ് ബിൻ ജമൂഹ് എന്നാണ്. അദ്ദേഹത്തിന്റെ ബന്ധം ബനൂ ഖസ്റജിന്റെ ശാഖയായ ബനൂ സൽമയുമായാണ്. അദ്ദേഹം രണ്ടാം ബയ്അത്തെ അഖബയിലും ബദർ, ഉഹദ് യുദ്ധങ്ങളിലും പങ്കെടുത്തു. അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് അംറ് ബിൻ ജമൂഹ് നബി(സ)യുടെ സഹാബിയായിരുന്നു. ഉഹദ് യുദ്ധത്തിൽ ശഹീദാക്കപ്പെടുകയും ചെയ്തു. മാതാവിന്റെ പേര് ഹിന്ദ് ബിൻത് അംറ് എന്നായിരുന്നു. ഹദ്റത്ത് മആദ് രണ്ടാം ബയ്അത്തെ അഖബയിൽ പങ്കെടുത്തിരുന്നു. എന്നാൽ പിതാവ് അംറ് ബിൻ ജമൂഹ് തന്റെ ബഹുദൈവവിശ്വാസത്തിൽ ശക്തമായി ഉറച്ച് നിന്നു. സീറത്ത് ഇബ്നു ഹിശാമിൽ ഹദ്റത്ത് മആദിന്റെ പിതാവ് ഇസ്‌ലാം സ്വീകരിച്ച സംഭവം വിവരിക്കുന്നുണ്ട്. രണ്ടാം ബയ്അത്തെ അഖബയിൽ പങ്കെടുത്ത് മദീനയിൽ തിരിച്ചെത്തിയ ആളുകൾ ഇസ്‌ലാമിനെ വേണ്ടുവോളം പ്രചരിപ്പിച്ചു. അവരുടെ സമൂഹത്തിലെ ചില പ്രായം ചെന്നവർ അവരുടെ പഴയ മതത്തിൽ തന്നെ ഉറച്ച് നിന്നു. അതിൽ ഒരാൾ അംറ് ബിൻ ജമൂഅ് ആയിരുന്നു. അംറ് ബിൻ ജമൂഅ് ബനൂ സൽമയുടെ നേതാക്കളിൽ ഉൾപ്പെട്ടിരുന്നു. അദ്ദേഹം തന്റെ വീട്ടിൽ മരത്തടി കൊണ്ട് ഉണ്ടാക്കിയ ഒരു വിഗ്രഹം വെച്ചിരുന്നു. അദ്ദേഹം അതിനെ ആരാധിക്കുകയും ചെയ്തിരുന്നു. രണ്ടാം ബയ്അത്തെ അഖബയ്ക്ക് ശേഷം ഹദ്റത്ത് മആദ് ബിൻ ജബലും ഹദ്റത്ത് മആദ് ബിൻ ജമൂഹും രാത്രിയിൽ അംറ് ബിൻ ജമൂഹിന്റെ വിഗ്രഹാലയത്തിൽ കടന്ന് ആ വിഗ്രഹത്തെ എടുത്തു. ബനൂ സൽമ, ചപ്പ് ചവറുകൾ നിക്ഷേപിക്കുന്ന കുഴിലേയ്ക്ക് അതിനെ വലിച്ച് എറിഞ്ഞു. രാവിലെ അംറ് ഉണർന്നപ്പോൾ പറഞ്ഞു: രാത്രിയിൽ നമ്മുടെ ആര്യാധവസ്തുവിനോട് ശത്രുത കാണിച്ചവന് നാശം ഉണ്ടാവട്ടെ. പിന്നെ അതിനെ അന്വേഷിച്ച് പുറപ്പെട്ടു. അങ്ങനെ അത് ലഭിച്ചപ്പോൾ കഴുകി വൃത്തിയാക്കി. പിന്നെ പറഞ്ഞു: ദൈവത്തെ കൊണ്ട് സത്യം! ആരാണ് നിന്നോട് ഇപ്രകാരം ചെയ്തെന്ന് ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ അവനെ തീർച്ചയായും ഞാൻ അപമാനിതനാക്കുന്നതാണ്. പിന്നെയും രാത്രി അംറ് ഉറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ മകൻ അതെ കാര്യം തന്നെ വീണ്ടും ആവർത്തിച്ചു. ഒരു ദിവസം രാത്രി അദ്ദേഹം തന്റെ വാൾ അതിന്റെ കഴുത്തിൽ തൂക്കിയിട്ടു. എന്നിട്ട് പറഞ്ഞു: അല്ലാഹുവാണ! തീർച്ചയായും നിന്നോട് ഇപ്രകാരം ചെയ്യുന്നത് ആരെന്ന് എനിക്ക് അറിയില്ല. അതുകൊണ്ട് നിനക്ക് വല്ല ശക്തിയും ഉണ്ടെങ്കിൽ നീ തന്നെ അത് തടയുക. അങ്ങനെ രാത്രി അംറ് ഉറങ്ങിയപ്പോൾ ആ യുവാക്കൾ വിഗ്രഹത്തോട് വീണ്ടും അത് തന്നെ ചെയ്തു. രാവിലെ ഉണർന്നപ്പോൾ അംറ് ബിൻ ജമൂഹിന് ആ വിഗ്രഹത്തെ വച്ച സ്ഥലത്ത് കാണാൻ സാധിച്ചില്ല. അതിനെ അന്വേഷിച്ച് പുറപ്പെട്ടു. അങ്ങനെ ഒരു കിണറിൽ ഒരു ചത്ത നായയോടൊപ്പം ബന്ധിക്കപ്പെട്ട നിലയിൽ അത് മുഖവും കുത്തി കിടക്കുന്നതായി കണ്ടു. ആ ദൃശ്യം കണ്ടയുടൻ തന്നെ അദ്ദേഹത്തിന് യാഥാർഥ്യം മനസ്സിലായി. അദ്ദേഹത്തിന്റെ സമൂഹത്തിലെ മുസ്‌ലിംങ്ങൾ അദ്ദേഹത്തോട് ഇസ്‌ലാമിക അധ്യാപനങ്ങളെ കുറിച്ച് സംസാരിച്ചിരുന്നു. അല്ലാഹു വിന്റെ അനുഗ്രഹത്താൽ അങ്ങനെ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു.

ഹദ്റത്ത് മആദ് ബിൻ അംറ് ബിൻ ജമൂഹ് അബൂ ജഹലിനെ കൊലപ്പെടുത്തിയവരിൽ ഉൾപ്പെടുന്നു. ഹദ്റത്ത് മആദ് ബിൻ അംറ് ബിൻ ജമൂഹും ഹദ്റത്ത് മആദ് ബിൻ അഫ്റയും അബൂ ജഹലിന് മേൽ ആക്രമണം നടത്തി കൊലപ്പെടുത്തി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് അബൂ ജഹലിന്റെ തല വെട്ടി മാറ്റി. ഹദ്റത്ത് അനസ് വിവരിക്കുന്നു: നബി(സ) ബദർ യുദ്ധ ദിവസം പറഞ്ഞു: അബൂ ജഹലിന്റെ അവസ്ഥ എന്തായെന്ന് ആരാണ് അന്വേഷിച്ച് വരിക? ഉടൻ തന്നെ ഹദ്റത്ത് ഇബ്നു മസ്ഊദ് പോയി നോക്കിയപ്പോൾ അയാളെ അഫ്റായുടെ രണ്ട് മക്കൾ മആദും മുഅവസ്സും വാൾ കൊണ്ട് വെട്ടിയിരിക്കുന്നതായി കണ്ടു. അയാൾ മരണത്തിന്റെ വക്കിലായിരുന്നു. ഹദ്റത്ത് ഇബ്നു മസ്ഊദ് ചോദിച്ചു: നീയാണോ അബൂ ജഹൽ? അബൂ ജഹൽ പറഞ്ഞു: ഇതിനെക്കാൾ പ്രധാനിയായ വല്ല വ്യക്തിയെയും നീ വധിച്ചിട്ടുണ്ടോ?

ഹദ്റത്ത് സയ്യിദ് സൈനുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് അബൂ ജഹലിനെ വധിച്ചവരെ സംബന്ധിച്ചുള്ള അഭിപ്രായ ഭിന്നതയ്ക്ക് പരിഹാരം നല്കി കൊണ്ട് പറയുന്നു: ചില നിവേദങ്ങളിൽ അഫ്റായുടെ രണ്ട് മക്കൾ മുഅവസ്സും മആസുമാണ് അബൂ ജഹലിനെ മരണത്തോട് അടുപ്പിച്ചതെന്നും അതിന് ശേഷം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് അയാളുടെ തല ശരീരത്തിൽ നിന്ന് വെട്ടിമാറ്റി എന്നും പറയപ്പെടുന്നു. ഇമാം ഇബ്നു ഹജർ ഈയൊരു സാധ്യത പ്രകടിപ്പിക്കുന്നു, അതായത് മആദ് ബിൻ അംറ്, മആദ് ബിൻ അഫ്റ എന്നിവർക്ക് ശേഷം മുഅവസ്സ് ബിൻ അഫ്റയും അയാളെ ആക്രമിച്ചിരിക്കാം. അതുകൊണ്ട് തന്നെ രണ്ട് നിവേദനങ്ങളിൽ ഒന്നിൽ രണ്ട് സഹോദരൻമാരെ കുറിച്ചും മറ്റൊന്നിൽ രണ്ട് വിവിധ ആളുകളെ കുറിച്ചും പറഞ്ഞിരിക്കുന്നു. ഈ മൂന്ന് പേരും ഉണ്ടായിരിക്കാമെന്ന് ഫത്തഹുൽ ബാരിയുടെ വിശദീകരണത്തിലും എഴുതിരിക്കുന്നു.

ഒരു നിവേദനത്തിൽ ഇപ്രകാരവും വരുന്നു, അബു ജഹൽ മരണസമയത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിനോട് പറഞ്ഞു: അദ്ദേഹത്തോട് അതായത് നബി(സ)യോട് പറയുക, ഞാൻ എന്റെ മുഴുവൻ ജീവിതവും അദ്ദേഹത്തിനോടുള്ള ശത്രുതയിൽ കഴിഞ്ഞു. ഇന്നും ഈ സമയത്തും

അദ്ദേഹത്തിനോടുള്ള ശത്രുതയിൽ ഉച്ചസ്ഥായിയിലാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് അയാളുടെ തല വെട്ടി മാറ്റി. അയാളുടെ ശിരസ്സുമായി നബി(സ)യുടെ സമക്ഷം ഹാജറായി. അപ്പോൾ നബി(സ) പറഞ്ഞു: അല്ലാഹുവിന്റെ മുന്നിൽ ഏത്പോലെ ഞാൻ എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനും ഉത്തമനും ആകുന്നുവോ അതുപോലെ എന്റെ ഉമ്മത്തും എല്ലാ ഉമ്മത്തിനെക്കാളും ശ്രേഷ്ഠവും ഉത്തമവുമാകുന്നു. അതുപോലെ തന്നെ ഈ ഉമ്മത്തിലെ ഫിർഔൻ എല്ലാ ഉമ്മത്തിലെ ഫിർഔനെക്കാളും കൂടുതൽ കർക്കശനും അക്രമാസക്തനുമാകുന്നു. അതിന് കാരണമിതാണ്,

حَتّٰٓى اِذَآ اَدۡرَكَهُ الۡغَرَقُ ۙ قَالَ اٰمَنۡتُ اَنَّهٗ لَاۤ اِلٰهَ اِلَّا الَّذِىۡۤ
اٰمَنَتۡ بِهٖ بَنُوۡۤا اِسۡرَآءِيۡلَ

(10:91) അവനെ നീർചുഴി പിടികൂടിയപ്പോൾ അവൻ പറഞ്ഞു: ഇസ്റായീൽ സന്തതികൾ വിശ്വസിച്ചിട്ടുള്ള ആരാധ്യനല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഈ ഉമ്മത്തിലെ ഫിർഔൻ ശത്രുതയിലും അവിശ്വാസത്തിലും വളരുന്നതാണ്. ഇതുകൂടാതെ നിവേദനത്തിൽ ഇതും വരുന്നു, അബൂ ജഹലിന്റെ ശിരസ്സ് കാണിച്ചപ്പോൾ നബി(സ) പറഞ്ഞു:

اَللّٰہُ الَّذِی لَا اِلٰہَ اِلَّا ھُوَ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അതുപോലെ തന്നെ നബി (സ) മൂന്ന് പ്രാവശ്യം ഇപ്രകാരവും പറഞ്ഞു:

اَلْحَمْدُ لِلّٰہِ الَّذِی اَعَزَّ الْاِسْلَامَ وَاَھْلَہٗ

ഇസ്ലാമിനും അതിനെ വിശ്വസിച്ചവർക്കും അന്തസ്സ് നല്കിയ അല്ലാഹുവിനാകുന്നു സർവസ്തുതിയും. അതുപോലെ ഇങ്ങനെയും വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: തീർച്ചയായും എല്ലാ ഉമ്മത്തിലും ഒരു ഫിർഔൻ ഉണ്ടായിരിക്കും. ഈ ഉമ്മത്തിലെ ഫിർഔൻ അബൂ ജഹലാണ്.

ഹദ്റത്ത് മആദ് ബിൻ അംറ് ബിൻ ജമൂഹിന്റെ വഫാത്ത് ഹദ്റത്ത് ഉസ്മാന്റെ കാലഘട്ടത്തിലാണ് സംഭവിക്കുന്നത്. ഹദ്റത്ത് ഉസ്മാൻ അദ്ദേഹത്തിന്റെ ജനാസ നമസ്കാരം നിർവഹിച്ചു. അദ്ദേഹത്തെ ജന്നത്തുൽ ബഖീയിൽ മറവ് ചെയ്തു. ഹദ്റത്ത് അബൂ ഹുറയ്റ നിവേദനം ചെയ്യുന്നു, റസൂലുല്ലാഹ്(സ) പറഞ്ഞു: മആദ് ബിൻ അംറ് ബിൻ ജമൂഹ് എത്ര നല്ല വ്യക്തിയാണ്. ഈ സഹാബാക്കളുടെ മേൽ അല്ലാഹു ആയിരമായിരം റഹ്മത്തുകൾ വർഷിക്കട്ടെ. അവർ അല്ലാഹുവിനോടും അവന്റെ ഹബീബായ നബിയോടുമുള്ള അനുരക്തിയിൽ മുങ്ങുകയും അവരുടെ തൃപ്തി കരസ്ഥമാക്കുകയും ചെയ്തവരായിരുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: നമസ്കാരത്തിന് ശേഷം ഒരു ജനാസ ഗായിബ് നമസ്കാരം നിർവഹിക്കുന്നതാണ്. അത് ബഹുമാന്യ മലിക് സുൽത്താൻ ഹാറൂൺ ഖാൻ സാഹിബിന്റെതാണ്. അദ്ദേഹം മാർച്ച് 27 ന് ഇസ്ലാമാബാദിൽ വച്ച് വഫാത്തായി. اِنَّا لِلّٰهِ وَاِنَّاۤ اِلَيۡهِ رٰجِعُوۡنَ അദ്ദേഹത്തിന്റെ മൂത്തമകൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഹ്(റഹ്)യുടെ മരുമകനാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് കർനൽ മലിക് സുൽത്താൻ മുഹമ്മദ് ഖാൻ എന്നാണ്. അദ്ദേഹം 23-ാം വയസ്സിൽ 1923 ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) കരങ്ങളിൽ ബയ്അത്ത് ചെയ്തു. അദ്ദേഹം തന്റെ കുടുംബത്തിൽ ഏക അഹ്മദിയായിരുന്നു. മർഹൂമിന്റെ സഹോദരി റാശിദ സിയാൽ സാഹിബ എഴുതുന്നു: എന്റെ സഹോദരനായ സുൽത്താൻ ഹാറൂൺ ഖാൻ, ഒരുപാട് സൽഗുണങ്ങൾക്ക് ഉടമയായിരുന്നു. അദ്ദേഹം അഹ്മദിയത്തിനോട് അങ്ങേയറ്റം പ്രതിബദ്ധതയുള്ള വ്യക്തിയും ഖിലാഫത്തിന് വേണ്ടി ജീവൻ ത്യജിക്കാൻ സന്നദ്ധനും സുഹൃത്തുക്കളുടെ ഉറ്റ സുഹൃത്തും ശത്രുക്കളുടെ ഭയവും ദരിദ്രരുടെയും പാവപ്പെട്ടവരുടെയും കൈത്താങ്ങുമായിരുന്നു.

അല്ലാഹു അദ്ദേഹത്തോട് കാരുണ്യത്തോടും മഗ്ഫിറത്തോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും നന്മകളിൽ നിലനില്ക്കാനും ജമാഅത്തിനോടും ഖിലാഫത്തിനോടും ബന്ധം നിലനിറുത്താനും സാധിക്കട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 05.04.2019
Malayalam Translation : **Hashim Ashraf,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516